# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/281/2018 2018 ഡിസംബർ 28

## വാർത്താക്കുറിപ്പ്

---

**പരീക്ഷാഫലം**

2018 ഫെബ്രുവരി മാസത്തിൽ നടന്ന ഒന്നാം സെമസ്റ്റർ (റെഗുലർ / ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി) എം.എസ്.സി ബയോ കെമിസ്ട്രി , എം.എ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം, എം. എസ്.സി ബയോടെക്നോളജി , എം.എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ് മെന്റ് , എം.എ മ്യൂസിക് (വോക്കൽ, വീണ, വയലിൻ), എം.എ കഥകളി സംഗീതം , ഭരതനാട്യം, മോഹിനിയാട്ടം പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജനവരി 14 വരെ അപേക്ഷിക്കാം . അപേക്ഷയോടൊപ്പം ഹാൾടിക്കറ്റിന്റേയോ മാർക്ക് ലിസ്റ്റിന്റേയോ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2018 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ് (എഡ്യൂക്കേഷൻ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

**എൽ.എൽ.ബി വൈവാ–വോസി**

2018 ഡിസംബർ മാസത്തിൽ നടന്ന പത്താം സെമസ്റ്റ ർ ബി .എ/ബി കോം (ഓണേഴ്സ്) /ബി.ബി.എ (ഓണേഴ്സ്) എൽ.എൽ.ബി (പഞ്ചവൽസരം റെഗുലർ / സപ്ലിമെന്ററി) - (കോമൺ) ഡിഗ്രി പരീക്ഷകളുടെ വൈവാ - വോസി ജനവരി 14 മുതൽ 21 വരെ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ വച്ച് നടത്തും . വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

**പി.എച്ച്.ഡി രജിസ്ട്രേഷൻ**

പി.എച്ച്.ഡി രജിസ്ട്രേഷൻ 2018 അഡ്മിഷനിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് 2019 ജനവരി 1 ന് അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ആരംഭിക്കും . രജിസ്ട്രേഷൻ ഓർഡർ ലഭിക്കാത്ത വിദ്യാർത്ഥികൾ ആയത് സർവകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2018 വർഷം പി.എച്ച്.ഡി രജിസ്ട്രേഷൻ (ലോ) നടത്തിയ വിദ്യാർത്ഥികളുടെ കോഴ് സ് വർക്ക് ക്ലാസുകൾ 2019 ജനുവരി 1 ന് 10 മണിയ്ക്ക് ആരംഭിക്കുന്നു.

**<u>വാക്ക് ഇൻ ഇൻർവ്യൂ</u>**

എം.ജി സർവകലാശാലാ ഹെൽത്ത് സെന്ററിൽ പാർട്ട് ടൈം ലേഡി മെഡിക്കൽ ഓഫീസറുടെ ഒഴിവിലേയ്ക്ക് ജനുവരി 7 ഉച്ചയ്ക്ക് 2.30 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. എം.ബി.ബി.എസ് / തത്തുല്യ യോഗ്യതയും, കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത ഡോക്ടർമാർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. പ്രതിമാസസമ്പളം 22,000/- രൂപ.. ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം ഉച്ചയ്ക്ക് 1.30 ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണം) മുൻപാകെ ഹാജരാകണം. വിശദ വിവരങ്ങൾക്ക് 0481 2733302, എഡി.എ3 സെക്ഷൻ.

**പി.കെ. സജീവ്**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)